ഉത്തരം

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം അരിയുടെ മൊത്തവിതരണം ഇരുപത്തിരണ്ട് (22) പ്രൈവറ്റ് ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു:

തിരുവനന്തപുരം	1
പത്തനംതിട്ട	1
ആലപ്പുഴ	1
എറണാകുളം	3
തൃശ്ശൂർ	2
മലപ്പുറം	6
പാലക്കാട്	3
കോഴിക്കോട്	2
കണ്ണൂർ	2
കാസർകോഡ്	1
ആകെ	22

(ബി) റേഷൻ സാധനങ്ങൾ എടുക്കുന്ന രീതിയിൽ വ്യാപാരികളുടെ സൗകര്യവും അതോടുകൂടി ഉപഭോക്താക്കൾക്ക് സാമ്പത്തികലാഭവും ഉണ്ടാകുന്നത് കണക്കിലെടുത്ത് അങ്ങനെയുള്ള സ്ഥലങ്ങളിൽ ജില്ലാ കളക്ടർമാർ ശുപാർശ ചെയ്യുന്നതനുസരിച്ചാണ് ഹോംസെയിൽ ഡിപ്പോ അനുവദിക്കുന്നത്.

(സി) പേരും വിലാസവും അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) കേന്ദ്രധാന്യ വിതരണം പൂർണ്ണമായും ഗവൺമെൻറ് നേരിട്ട് ഏറ്റെടുത്ത് നടത്തുക എന്നുള്ളതല്ല സർക്കാരിൻറെ നയമല്ല. ഇക്കാലമത്രയും തുടർന്നുവന്നിരുന്ന നയം തുടരുന്നു എന്നേ ഉള്ളൂ.

ഹോംസെയിൽ ഡിപ്പോകൾ അനുവദിക്കുന്നതിൻറെ മാനദണ്ഡം

181 [197] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കേന്ദ്രവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോംസെയിൽ ഡിപ്പോകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എത്ര ഹോംസെയിൽ ഡിപ്പോകൾ സഹകാരിവ്യക്തികൾക്ക് അനുവദിച്ചു;

(സി) എത്ര എണ്ണം സഹകരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു;

(ഡി) തിരുവനന്തപുരം ജില്ലയിൽ പുതുതായി എത്ര ഹോംസെയിൽ ഡിപ്പോകൾക്ക് ഏതിയ നോട്ടിഫൈ ചെയ്തു അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്?

† അനബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റീട്ടെയിൽ റേഷൻഷോപ്പ് ഉടമയ്ക്ക് കൂടുതൽ സൗകര്യപ്രദമായി റേഷൻസാധനങ്ങൾ എടുക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് സാമ്പത്തികലാഭം ഉണ്ടാവണമെന്നുമുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് പുതുതായി ഹോൾസെയിൽ ഡിപ്പോകൾ അനുവദിക്കുന്നത്.

(ബി) 20 എണ്ണം.

(സി) 2 എണ്ണം.

(ഡി) 15 സ്ഥലത്ത് ഹോൾസെയിൽ ഡിപ്പോകൾ തുടങ്ങുന്നതിന് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്.

പുതിയ ഹോൾസെയിൽ ഡിപ്പോകൾ

182 [198] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കേഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ മൊത്തവ്യാപാരം സഹകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതിന്റെ ഫലമായി സംസ്ഥാനത്ത് കൂടുതലായി അനുവദിക്കുന്ന ഹോൾസെയിൽ ഡിപ്പോകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം വെളിപ്പെടുത്താമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് ഡിപ്പോകൾ അനുവദിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൊണ്ണൂറിനാല് എണ്ണം.

(സി)

1.	തിരുവനന്തപുരം	15
2.	കൊല്ലം	12
3.	ആലപ്പുഴ	6
4.	കോട്ടയം	9
5.	ഇടുക്കി	4
6.	എറണാകുളം	13
7.	തൃശ്ശൂർ	8
8.	പാലക്കാട്	5
9.	കോഴിക്കോട്	13
10.	കണ്ണൂർ	9
	ആകെ	94

(ഡി) തിരുവനന്തപുരം ജില്ലയിൽ നന്തൻകോട്, കരമന, വഴുതക്കാട്, തിരുമല, ഫോർട്ട്, ചാക്ക, വള്ളക്കടവ്, അമ്പലത്തറ, നേമം പാച്ചല്ലൂർ, വട്ടിയൂർക്കാവ്, ശ്രീകാര്യം, കഴക്കൂട്ടം, കാഞ്ഞിരംപാറ മംഗലപുരം എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് ഹോൾസെയിൽ ഡിപ്പോ അനുവദിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly